പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 9

# 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ

(ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 9

# 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ

(ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും അന്യംനിന്ന് പോകാതിരിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തിലെ മലയോര മേഖലകളിലും മറ്റുമുള്ള പട്ടിക ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിൽ നിലവിലുള്ള തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതും അതിലൂടെത്തന്നെ പ്രസ്തുത വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സജീവമായി കൊണ്ടുവരുന്നതും യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ആക്റ്റ്" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടാകും.

(3) ഇത് ആക്ടിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ:

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്ടനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു.

(ബി) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട്പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഡി) "പഠനഗവേഷണ സമിതി" എന്നാൽ പ്രസ്തുത ഉദ്ദേശ്യലക്ഷ്യ നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു സമിതിയെന്ന് അർത്ഥമാകുന്നു ;

(ഇ) "പഠനകേന്ദ്രം" എന്നാൽ സമിതിയുടെ ഗോത്രവർഗ്ഗ പഠന ഗവേഷണത്തിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കൂടുതൽ ഗഹനത്തിലും ഗൗരവത്തിലുമുള്ള പഠനങ്ങൾ നടത്താനാകുന്ന തരത്തിലുള്ള ലൈബ്രറിയും, മ്യൂസിയവും മറ്റ് ഭരണ സൗകര്യങ്ങളോടുകൂടിയ ഒരു കേന്ദ്രം എന്നർത്ഥമാകുന്നു ;

(എഫ്) "ഗോത്രവർഗ്ഗാചാരങ്ങൾ" എന്നാൽ പട്ടിക ഗോത്ര ജനവിഭാഗങ്ങൾക്കിടയിലെ ആചാരാനുഷ്ഠാനങ്ങൾ എന്നർത്ഥമാകുന്നു ;

(ജി) "കോളനികൾ" എന്നാൽ പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിലുള്ളവർ കൂട്ടമായി താമസിച്ചുവരുന്ന അവരുടെ ആവാസകേന്ദ്രം എന്നർത്ഥമാകുന്നു ;

(എച്ച്) "പട്ടിക ഗോത്രവർഗ്ഗങ്ങൾ" എന്നാൽ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾ എന്നർത്ഥമാകുന്നു ;

(ഐ) "ഗോത്രവർഗ്ഗഭാഷകൾ" എന്നാൽ പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടവരും ഒറ്റപ്പെട്ട ആദിവാസി കോളനികളിലും വനാന്തർഭാഗങ്ങളിലും കഴിയുന്നവരുമായ ജനവിഭാഗങ്ങളുടെ തനതു ഭാഷകൾ എന്നർത്ഥമാകുന്നു ;

(ജെ) "ഗോത്ര സംസ്കാരം" എന്നാൽ പട്ടികഗോത്ര വിഭാഗങ്ങളുടെ ഇടയിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്നതും, അവരുടെ ആചാരാനുഷ്ഠാനങ്ങളും, ജീവിതാവസ്ഥയ്ക്ക് ഇണങ്ങുന്നതുമായ തനതുകലകളുടെയും സമാനമായി സമ്മേളിക്കുന്ന സാമൂഹ്യജീവിതവും എന്നർത്ഥമാകുന്നു.

3. പട്ടികഗോത്രവർഗ്ഗ ഭാഷാ സംരക്ഷണ സമിതി രൂപീകരണം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി നിശ്ചിത "പട്ടികഗോത്രവർഗ്ഗ ഭാഷാ സംരക്ഷണ സമിതി" എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) ബന്ധപ്പെട്ട വകുപ്പുമന്ത്രി ;

(ബി) ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ;

(സി) ഗോത്രവർഗ്ഗ മേഖലകൾ ഉൾക്കൊള്ളുന്ന പ്രദേശത്തെ എം.എൽ.എ.-മാർ

(ഡി) ഗോത്രവർഗ്ഗ മേഖലകൾ ഉൾക്കൊള്ളുന്ന പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റുമാരിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ ;

(ഇ) ഭാഷാ പണ്ഡിതന്മാരായി അറിയപ്പെടുന്ന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ ;

(എഫ്) പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ കലാ സാംസ്കാരിക പ്രവർത്തകരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് അംഗങ്ങൾ ;

(ജി) അവശ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് അംഗങ്ങൾ ;

(എച്ച്) സമിതി അംഗങ്ങളിൽനിന്നും ചെയർമാനെ സർക്കാർ നാമനിർദ്ദേശം നൽകേണ്ടതാണ്.

4. സമിതിയുടെ പ്രവർത്തനം.—(1) മൂന്നാം വകുപ്പ് പ്രകാരമുള്ള സമിതിയുടെ പ്രവർത്തനവും അതുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങൾ (ആസ്ഥാന ഉദ്യോഗസ്ഥരെയും, ജീവനക്കാരെയും, നിയമിക്കുന്നതുൾപ്പെടെ) സർക്കാർ ചട്ടംവഴി നടത്തേണ്ടതാണ്.

(2) സമിതി രൂപീകരിച്ചതിനുശേഷം ജില്ലാടിസ്ഥാനത്തിൽ സമിതികൾ ആവശ്യമെങ്കിൽ ഭാവിയിൽ പരിഗണിക്കുകയും അതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

5. സമിതിയുടെ കർത്തവ്യങ്ങൾ.—(1) പട്ടികഗോത്ര വർഗ്ഗത്തിന്റെ ജീവിതരീതി, സംസ്കാരം, വിശ്വാസം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, പുതിയ തലമുറയെ പഠിപ്പിക്കുക, സാമൂഹ്യവളർച്ചയിലുണ്ടായ മികവ് ബോധ്യപ്പെടുത്തുന്നതിനായി ബോധപൂർവ്വമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

(2) പഠനവും ഗവേഷണവും നടത്തി പ്രാചീന വാമൊഴികൾ, ഭാഷകൾ, ബന്ധങ്ങൾ, ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുക. അധിനിവേശ സംസ്കാരത്തെ ചെറുക്കാനും സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ കെട്ടുകെട്ടിക്കാനും നടത്തിയ ധീരോദാത്തമായ സമരമുഖ അവകാശികളാണ് എന്ന് വിളംബരം ചെയ്യുക.

(3) വിദ്യാഭ്യാസ രംഗത്തും, സാംസ്കാരികമായും ഉണ്ടായ വളർച്ച ത്വരിതപ്പെടുത്താനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

(4) ആദിവാസി ഗോത്രവർഗ്ഗ കലകൾ, കണ്ടെത്തലുകൾ എന്നിവ സംരക്ഷിക്കുക.

(5) മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഭാഷയെ സംരക്ഷിക്കുന്നതിനും ശേഖരിച്ചു വയ്ക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിലെ മലയോര മേഖലകളിലും വനാന്തരങ്ങളിലും മറ്റു പ്രദേശങ്ങളിലും കഴിയുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും അതിലൂടെ പ്രസ്തുത ജനവിഭാഗങ്ങളുടെ സാമൂഹ്യപുരോഗതി ഉറപ്പുവരുത്തുന്നതിനും ഒരു നിയമം അനിവാര്യമായിരിക്കുന്നു.

കേരളത്തിൽ 36 പട്ടിക ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്നുണ്ട്. വിഭിന്ന ദേശങ്ങളിൽ നിന്നും ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ കുടിയേറ്റം ചെയ്യപ്പെട്ട ഇവർ തനതായ ഭാഷയും സംസ്കാരവും വച്ചുപുലർത്തുന്നുണ്ട്. ലിപിയും അച്ചടിരേഖകളുമുള്ളത്

മാത്രമാണ് ആധികാരിക ഭാഷയെന്ന് അംഗീകരിക്കപ്പെട്ട ആധുനിക സമൂഹത്തിൽ ലിപി പോലുമില്ലാത്ത ആദിവാസി ഭാഷകളെ അംഗീകരിക്കാൻ വിസമ്മതിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ഒരു സമൂഹം മുഴുവനും അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നതും, അവരുടേതായ പഴമൊഴികളും, കടംകഥകളും, പാട്ടുകളും, കഥകളും, നാടകങ്ങളും, ചികിത്സാ രീതികളും, ആചാരങ്ങളുമെല്ലാം വാമൊഴിയായി തലമുറകൾ കൈമാറി പോകുന്നുണ്ടെന്നതും സത്യമാണ്. തങ്ങളുടെ ഭാഷ കേവലമായ ആശയ വിനിമയോപാധി മാത്രമല്ലെന്നും തങ്ങളുടെ സംസ്കാരത്തിന്റെ അടയാളമാണെന്നുമുള്ള തിരിച്ചറിവാണ് സ്വന്തംഭാഷയെ മുറുകെപ്പിടിക്കാൻ ഇപ്പോഴും അവർക്ക് പ്രചോദനമാകുന്നതും.

ആഗോളീകരണത്തിന്റെ അധിനിവേശത്തിൽനിന്നും രക്ഷപ്പെടാൻ ലിപിയും സാഹിത്യ സമ്പത്തുമുള്ള ക്ലാസിക്കൽ ഭാഷകൾപോലും നിലനിൽപ്പിനായി ചെറുത്തുനിൽപ്പുകൾ നടത്തുമ്പോൾ ലിപിയോ അച്ചടി ശേഖരണമോ ഇല്ലാത്തതിനാൽ ഗോത്രവർഗ്ഗ ഭാഷകളും പരിമിതപ്പെട്ടുപോകുന്നുണ്ട്. മലയാളഭാഷയുടെമേൽ ഇംഗ്ലീഷ് ഭാഷയുടെ കടന്നാക്രമണം പോലെയാണ് ആദിവാസി ഭാഷയുടെമേൽ മലയാളഭാഷ അടിച്ചേൽപ്പിക്കുമ്പോൾ ഉണ്ടാകുന്നത്. അതുകൊണ്ട് ആധുനിക ലോകത്തുനിന്നും അകന്നുകഴിയുന്ന ഇവരെ അവരുടെ ഭാഷയിലും സംസ്കാരത്തിലും നിലനിർത്തിക്കൊണ്ട് പുരോഗതിയിലേക്ക് നയിക്കുകയും ആധുനിക സമൂഹത്തിന്റെ ഭാഗഭാക്കാക്കി മാറ്റുകയും വേണം.

ഒരു സമൂഹമെന്ന നിലയിൽ ആദിവാസികൾ അവരുടെ വികാര വിചാരങ്ങളും, സ്വപ്നങ്ങളും ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്നതും പാരമ്പര്യജ്ഞാനം തലമുറകൾക്ക് കൈമാറുന്നതിനും അവരുടേത് മാത്രമായ സവിശേഷ ഭാഷയിലൂടെയാണ്. ആയതിനാൽ അന്യംനിന്നുപോകുന്ന ഗോത്രവർഗ്ഗ ഭാഷകളുടെ ശേഖരണവും ഗവേഷണകരവുമായ പഠനവും ആചാരാനുഷ്ഠാനങ്ങളും മാനവരാശിയുടെ ചരിത്രവുമായി ബന്ധപ്പെട്ടതാണെന്ന തിരിച്ചറിവുള്ളതിനാൽ, അവരുടെ സാമൂഹ്യ വളർച്ചയ്ക്കും, സാമൂഹ്യ സുരക്ഷയ്ക്കും ഉതകുന്ന തരത്തിൽ ഗോത്രവർഗ്ഗ കലകളും, ആചാരാനുഷ്ഠാനങ്ങളും ശേഖരിക്കുകയും രേഖപ്പെടുത്തിവെയ്ക്കുകയും ചെയ്യേണ്ടത് ചരിത്ര നിർമ്മിതിക്ക് ആവശ്യമായതിനാലും ഇത്തരത്തിൽ ഒരു നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് പഠനകേന്ദ്രം നിലവിൽവരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇക്കാര്യങ്ങൾ എത്രമാത്രം സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുമെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ഏകദേശം 10 ലക്ഷം രൂപയുടെ ചെലവ് പ്രാരംഭ നടപടികൾക്കായി സഞ്ചിതനിധിയിൽ നിന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിന്റെ 4-ാം വകുപ്പുപ്രകാരം സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ, സഭയുടെ മുമ്പാകെ വയ്ക്കാനും, അത് ഭേദഗതി ചെയ്യാനും ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ, ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കുവേണ്ടിയാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

പുരുഷൻ കടലുണ്ടി, എം. എൽ. എ.